അധ്യായം 2

# സ്വാതന്ത്ര്യം (Freedom)



## അവലോകനം

മനുഷ്യരിലും മനുഷ്യസമൂഹങ്ങളിലും ശക്തരായ വിഭാഗങ്ങൾ മറ്റുള്ളവരുടെമേൽ ആധിപത്യം സ്ഥാപിച്ചതിന്റെയും അവരെ അടിമകളാക്കിയതിന്റെയും ചൂഷണം ചെയ്തതിന്റെയും എത്രയോ ഉദാഹരണങ്ങൾ മാനവചരിത്രം  നമുക്ക് നൽകുന്നു. എന്നാൽ, ഇത്തരം മേധാവിത്വങ്ങൾക്കെതിരായുള്ള വീരോചിതമായ ചെറുത്തുനിൽപുകളുടെ പ്രചോദനാത്മകമായ ഉദാഹരണങ്ങളും അത് നമുക്ക് നൽകുന്നു. എല്ലാം ത്യജിക്കാനും ജീവൻതന്നെ ബലികഴിക്കാനും മനുഷ്യനെ സന്നദ്ധനാക്കുന്ന ഈ സ്വാതന്ത്ര്യബോധം യഥാർഥത്തിൽ എന്താണ്? സ്വന്തം ജീവിതത്തിന്റെയും ജീവിത ഭാഗധേയത്തിന്റെയും നിയന്ത്രണങ്ങൾ തങ്ങൾക്ക് തന്നെയായിരിക്കണമെന്നും സ്വന്തം ഇഷ്ടത്തിനനുസരിച്ച് തീരുമാനമെടുക്കുവാനും പ്രവർത്തിക്കുവാനും അവസരം തങ്ങൾക്കുണ്ടാവണമെന്നുള്ള ജനങ്ങളുടെ ചിന്തയിലും ആഗ്രഹങ്ങളിലുമാണ് സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള പോരാട്ടങ്ങളുടെ അന്തസ്സത്ത കുടികൊള്ളുന്നത്. വ്യക്തികൾ മാത്രമല്ല സമൂഹവും അവരുടെ സ്വാതന്ത്ര്യത്തിന് മൂല്യം കൽപ്പിക്കുകയും അവരുടെ സംസ്കാരവും ഭാവിയും സംരക്ഷിക്കുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നു.


എന്നിരുന്നാലും ജനങ്ങളുടെ വ്യത്യസ്തമായ താൽപര്യങ്ങളും ആഗ്രഹങ്ങളും നിലനിൽക്കുന്ന ഏതൊരു സാമൂഹ്യജീവിതക്രമത്തിലും ചില നിയമങ്ങളും നിയന്ത്രണങ്ങളും ആവശ്യമാണ്. ഇത്തരം നിയമങ്ങൾ ജനങ്ങളുടെ സ്വാതന്ത്ര്യത്തിനുമേൽചില നിയന്ത്രണങ്ങൾ ഏർപ്പെടുത്താറുണ്ടെങ്കിലും വ്യക്തികൾക്ക് സുരക്ഷിതത്വവും സ്വയം വികസിക്കുവാനുള്ള അവസരങ്ങളും പ്രദാനം ചെയ്യുന്നതിനാൽ പൊതുവെ  അവയൊക്കെ സ്വീകരിക്കപ്പെടാറുണ്ട്.സാമൂഹ്യമായി ആവശ്യമുള്ള നിയന്ത്രണങ്ങളെയും മറ്റു നിയന്ത്രണങ്ങളെയും വ്യത്യാസപ്പെടുത്തുന്നതിനുള്ള തത്വങ്ങൾ രൂപപ്പെടുത്തുന്നതിലാണ് രാഷ്ട്രീയസിദ്ധാന്തത്തിലെ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ചർച്ചകൾ പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഒരു സമൂഹത്തിലെ, സാമൂഹ്യസാമ്പത്തികഘടനകൾ സ്വാതന്ത്ര്യത്തിനു വരുത്താവുന്ന സാധ്യമായ പരിമിതികളെ സംബന്ധിച്ചും സംവാദങ്ങൾ നടക്കാറുണ്ട്. ഇത്തരം ചില സംവാദങ്ങളെക്കുറിച്ച് ഈ അധ്യായത്തിൽ ചർച്ചചെയ്യുന്നു.

ഈ അദ്ധ്യായം പഠിക്കുന്നതിലൂടെ താഴെപ്പറയുന്ന കാര്യങ്ങൾ മനസിലാക്കുന്നതിന് നിങ്ങൾ പ്രാപ്തരാകും.

- വ്യക്തികൾക്കു വേണ്ട സ്വാതന്ത്ര്യം, സമൂഹത്തിനുവേണ്ട സ്വാതന്ത്ര്യം, പ്രാധാന്യം എന്നിവ  മനസ്സിലാക്കുവാൻ.
- സ്വാതന്ത്ര്യത്തിന്റെ നിഷേധാത്മകവും ക്രിയാത്മകവുമായ തലങ്ങൾ തമ്മിലുള്ള വ്യത്യാസം വിശദീകരിക്കുവാൻ.
- ഹാനി തത്വം എന്ന പദത്തിന്റെ അർഥം വിശദീകരിക്കുവാൻ.

## 2.1 സ്വാതന്ത്ര്യമെന്ന ആശയം (THE IDEAL OF FREEDOM)

മുകളിൽ പ്രതിപാദിച്ചിരിക്കുന്ന കാര്യങ്ങൾക്കുള്ള ഉത്തരം കണ്ടെത്തുന്നതിനുമുൻപ് സ്വാതന്ത്ര്യത്തിനുവേണ്ടി ഐതിഹാസികമായ സമരം നയിച്ച നെൽസൺ മണ്ടേലയുടെ ചരിത്രം നമുക്ക് പരിശോധിക്കാം. 20–ാം നൂറ്റാണ്ടിലെ മഹാരഥൻമാരിലൊരാളായിരുന്ന നെൽസൺ മണ്ടേലയുടെ ആത്മകഥയുടെ പേരായിരുന്നു സ്വാതന്ത്ര്യത്തിലേക്കുള്ള ദീർഘയാത്ര (Long Walk To Freedom ). ദക്ഷിണാഫ്രിക്കയിലെ വർണവെറിയുള്ള ഭരണകൂടത്തിനെതിരെ അദ്ദേഹം നടത്തിയ പോരാട്ടങ്ങൾ വർണവിവേചനം കാണിച്ച വെള്ളക്കാരുടെ ഗവൺമെന്റിനെതിരെ ജനങ്ങൾ നടത്തിയ ചെറുത്തുനിൽപുകൾ ദക്ഷിണാഫ്രിക്കയിലെ കറുത്തവർഗക്കാർ സഹിച്ച അപമാനങ്ങൾ, കഷ്ടതകൾ, പോലീസ് ക്രൂരതകൾ എന്നിവയെക്കുറിച്ചാണ് തന്റെ ആത്മകഥയിൽ മണ്ടേല പ്രതിപാദിക്കുന്നത്. ദക്ഷിണാഫ്രിക്കയിലെ ആ ഭരണകൂടം ജനങ്ങളെ രാഷ്ട്രീയാടിസ്ഥാനത്തിൽ വേർതിരിച്ചുകൊണ്ട് അവരോട് വിവേചനം കാണിച്ചു. വെള്ളക്കാർ താമസിക്കുന്ന സ്ഥലത്ത് കറുത്തവർഗക്കാർക്ക് അധിവാസം നിഷേധിക്കപ്പെട്ടത്, രാജ്യത്തിനുള്ളിൽ അവർക്ക് സഞ്ചാരസ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടത്, ആരെ വിവാഹം കഴിക്കണമെന്ന് തീരുമാനിക്കുവാനുള്ള സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടത് തുടങ്ങിയവ കറുത്ത വർഗക്കാരോട് കാണിച്ച വിവേചനങ്ങൾക്കുള്ള ഉദാഹരണങ്ങളായിരുന്നു. മണ്ടേലയുടെയൊ സഹപ്രവർത്തകരുടെയൊ പോരാട്ടം അന്യായമായ ഈ നിയന്ത്രണങ്ങൾക്കെതിരെയുള്ളതായിരുന്നു. അത് ദക്ഷിണാഫ്രിക്കയിലെ എല്ലാ ജന




ങ്ങളുടെയും (കറുത്തവർഗക്കാരുടെയും വെളുത്തവർഗക്കാരുടെയും മറ്റു വർണക്കാരുടെയും) സ്വാതന്ത്ര്യത്തിനുള്ള തടസങ്ങൾ നീക്കുന്നതിനുള്ള പോരാട്ടമായിരുന്നു. അതായിരുന്നു മണ്ടേലയുടെ സ്വാതന്ത്ര്യത്തിലേക്കുള്ള ദീർഘയാത്ര.

ഈ സ്വാതന്ത്ര്യത്തിനു വേണ്ടി തന്റെ ജീവിതത്തിലെ നീണ്ട 28 വർഷങ്ങൾ അദ്ദേഹത്തിന് ജയിലിൽ കഴിയേണ്ടിവന്നു. ഇതിൽ മിക്കപ്പോഴും അദ്ദേഹം ഏകാന്തതയിലുമായിരുന്നു. അയാളുടെ യൗവ്വനവും സുഹൃത്തുക്കളോടൊത്തുള്ള സന്തോഷകരമായ ജീവിതവും, തനിക്ക് പ്രിയപ്പെട്ട കായികവിനോദവും (ബോക്സിംഗ് മണ്ടേലയുടെ പ്രിയപ്പെട്ട കായികവിനോദമായിരുന്നു.) ഇഷ്ടപ്പെട്ട വസ്ത്രവും, പ്രിയപ്പെട്ട സംഗീതവും ജീവിതത്തിന്റെ ഭാഗമായ നിരവധി ആഘോഷങ്ങളും ഒരു ആദർശത്തിനുവേണ്ടി ത്യജിക്കേണ്ടി വരുന്നത് ഒന്ന് സങ്കൽപ്പിച്ചുനോക്കൂ. സ്വന്തം ജനതയുടെ സ്വാതന്ത്ര്യത്തിനു വേണ്ടി പോരാടി എന്ന ഒറ്റക്കാരണത്താൽ എന്ന് മോചിപ്പിക്കപ്പെടുമെ



സ്വാതന്ത്ര്യം പോലെ മഹത്തായ ഒരു ആദർശത്തിനുവേണ്ടി പോരാടുന്നതു മഹാൻമാരും മഹതികളും മാത്രമാണോ?
എന്നെ സംബന്ധിച്ചിടത്തോളം ഈ തത്വത്തിന് എന്തർഥമാണുള്ളത്?




ന്നറിയാതെ ഈ സന്തോഷങ്ങളെല്ലാം ത്യജിച്ച് ഏകാന്തതടവറയിൽ തളയ്ക്കപ്പെടുന്ന ഒരു വ്യക്തിയെക്കുറിച്ച് ചിന്തിച്ചുനോക്കൂ. സ്വാതന്ത്ര്യത്തിനു വേണ്ടി മണ്ടേലക്ക് വ്യക്തിപരമായി വലിയ വില നൽകേണ്ടി വന്നു.

ഇനി നമുക്ക് മ്യാൻമാറിലെ ജനാധിപത്യവാദിയായിരുന്ന ആങ് സാൻ സൂകിയുടെ ചരിത്രം പരിശോധിക്കാം. മഹാത്മാഗാന്ധിയുടെ അഹിംസാ സിദ്ധാന്തം അവരിൽ വലിയ പ്രചോദനം ചെലുത്തിയിരുന്നു. കുട്ടികളിൽ നിന്നും വേർപെട്ട്, ക്യാൻസർ ബാധിച്ച് മരണത്തോട് മല്ലടിച്ച് ഇംഗ്ലണ്ടിൽ ചികിത്സയിലായിരുന്ന ഭർത്താവിനെ സന്ദർശിക്കുവാൻ കഴിയാതെ വളരെക്കാലം അവർ മ്യാൻമാറിലെ പട്ടാളഭരണത്തിൻകീഴിൽ വീട്ടുതടങ്കലിലായിരുന്നു. ഇംഗ്ലണ്ടിൽ ചികിത്സയിലായിരുന്ന തന്റെ ഭർത്താവിനെ സന്ദർശിച്ചാൽ തനിക്ക് മ്യാൻമാറിലേക്ക് ഒരിക്കലും തിരിച്ചുവരാൻ സാധിക്കില്ലെന്ന് അവർ ഭയപ്പെട്ടിരുന്നു. ആങ്സാൻ സൂകി തന്റെ സ്വാതന്ത്ര്യത്തെ തന്റെ ജനങ്ങളുടെ സ്വാതന്ത്ര്യവുമായാണ് ബന്ധപ്പെടുത്തിയത്. ഭയത്തിൽ നിന്നുള്ള മോചനം (Freedom From Fear ) എന്ന തന്റെ ലേഖനസമാഹാരത്തിൽ യഥാർഥസ്വാതന്ത്ര്യം എന്നാൽ "ഭയത്തിൽ നിന്നുള്ള സ്വാതന്ത്ര്യമാണെന്നും, ഭയത്തിൽ നിന്നുള്ള സ്വാതന്ത്ര്യത്തോടെ ജീവിക്കുവാൻ കഴിയുന്നില്ലെങ്കിൽ ഒരു വ്യക്തിക്കും അന്തസായ ഒരു മനുഷ്യജീവിതം സാധ്യമല്ലെന്നും" സൂകി അഭിപ്രായപ്പെടുന്നു. ഇത്തരം ആഴത്തിലുള്ള ചിന്തകൾ നമ്മളെ ഇരുത്തി ചിന്തിപ്പിക്കാനും അതിന്റെ പരിണിതഫലങ്ങളെക്കുറിച്ചാലോചിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു. മറ്റുള്ളവരുടെ അഭിപ്രായങ്ങളെയോ, അധികാരികളുടെ മനോഭാവത്തെയോ, നാം ചെയ്യുവാൻ ഇഷ്ടപ്പെടുന്ന കാര്യങ്ങളിൽ സമുദായങ്ങളുടെ പ്രതികരണത്തെയോ, ഒപ്പമുള്ളവരുടെ പരിഹാസത്തെയോ, നമ്മുടെ മനസിലുള്ള കാര്യങ്ങൾ തുറന്നുപറയുമ്പോൾ നാം ഭയപ്പെടേണ്ടതില്ലെന്ന് സൂകി പറയുന്നു. എന്നിട്ടും പലപ്പോഴും നമ്മൾ ഇത്തരം ഭയം പ്രകടിപ്പിക്കുന്നു. ആങ് സാൻ സൂകിയുടെ അഭിപ്രായത്തിൽ മാന്യമായ ഒരു മനുഷ്യജീവിതത്തിന് ഇത്തരം ഭയപ്പാടുകളെ അതിജീവിക്കേണ്ടത് അത്യാവശ്യമാണ്.

നെൽസൺ മണ്ടേലയുടെയും ആങ് സാൻ സൂകിയുടെയും പുസ്തകങ്ങളിൽ സ്വാതന്ത്ര്യം എന്ന ആശയത്തിന്റെ കരുത്ത് നമുക്ക് ദർശിക്കുവാൻ സാധിക്കും. നമ്മുടെ ദേശീയസമരത്തിന്റെയും ഏഷ്യയിലെയും ആഫ്രിക്കയിലെയും ജനങ്ങൾ ബ്രിട്ടീഷുകാരുടെയും, ഫ്രഞ്ചുകാരുടെയും, പോർച്ചുഗീസുകാരുടെയും, കോളനിവാഴ്ച്ചക്കെതിരെ നടത്തിയ സന്ധിയില്ലാസമരങ്ങളുടെയും കേന്ദ്രബിന്ദു സ്വാതന്ത്ര്യം എന്ന ഈ ആശയമാണ്.

**നമുക്കിതു ചെയ്യാം**

നിങ്ങളുടെ ഗ്രാമത്തിലോ പട്ടണത്തിലോ ജില്ലയിലോ ഉള്ള ആരെങ്കിലും സ്വന്തം സ്വാതന്ത്ര്യത്തിനു വേണ്ടിയോ മറ്റുള്ളവരുടെ സ്വാതന്ത്ര്യത്തിനു വേണ്ടിയോ പോരാടിയതായി നിങ്ങൾക്കറിയാമോ? ആ വ്യക്തിയെക്കുറിച്ചും അദ്ദേഹം സ്വാതന്ത്ര്യത്തിന്റെ ഏത് ആശയത്തിനുവേണ്ടിയാണോ സമരം നടത്തിയത് എന്നതിനെ സംബന്ധിച്ചും ഒരു കുറിപ്പ് തയ്യാറാക്കുക.

## 2.2 എന്താണ് സ്വാതന്ത്ര്യം (What is Freedom?)

എന്താണ് സ്വാതന്ത്ര്യം എന്ന ചോദ്യത്തിനുള്ള ലളിതമായ ഉത്തരം നിയന്ത്രണങ്ങളുടെ അഭാവമാണ്. ഒരു വ്യക്തിയുടെ മേൽ ബാഹ്യമായ നിയന്ത്രണങ്ങൾ ഇല്ലാതിരിക്കുമ്പോൾ സ്വാതന്ത്ര്യം നിലനിൽക്കുന്നു എന്ന് പറയാം. ഈ നിർവ്വചനമനുസരിച്ച് ഒരു വ്യക്തി സ്വതന്ത്രനാണെന്ന് പറയുന്നത് അദ്ദേഹം/അവൾ ബാഹ്യമായ നിയന്ത്രണങ്ങൾക്കോ ബലപ്രയോഗങ്ങൾക്കോ വിധേയനാകാതിരിക്കുകയും അയാൾക്ക്/അവൾക്ക് സ്വതന്ത്രമായി തീരുമാനങ്ങൾ എടുക്കുവാനും പ്രവർത്തിക്കുവാനും സാധിക്കുകയും ചെയ്യുമ്പോഴാണ്. എന്നിരുന്നാലും നിയന്ത്രണങ്ങളുടെ അഭാവം സ്വാതന്ത്ര്യത്തിന്റെ ഒരു തലം മാത്രമാണ്. സ്വതന്ത്രമായി ആശയപ്രകടനം നടത്തുന്നതും തങ്ങളിൽ അന്തർലീനമായ കഴിവുകളെ വികസിപ്പിക്കുന്നതും സ്വാതന്ത്ര്യമാണ്. ഈ അർഥത്തിൽ ജനങ്ങളുടെ സർഗാത്മകതയും സാധ്യതകളും വികസിപ്പിച്ചെടുക്കുന്നതിനുള്ള സാഹചര്യം കൂടിയാണ് സ്വാതന്ത്ര്യം.

സ്വാതന്ത്ര്യത്തിന്റെ രണ്ടുതലങ്ങളായ, ബാഹ്യമായ നിയന്ത്രണങ്ങളുടെ അഭാവവും ജനങ്ങൾക്ക് അവരുടെ കഴിവുകൾ വികസിപ്പിക്കുവാനുള്ള സാഹചര്യവും പ്രധാനപ്പെട്ടതാണ്. കുറഞ്ഞ സാമൂഹ്യനിയന്ത്രണങ്ങൾക്കുവിധേയമായി ഒരു സമൂഹത്തിലെ മുഴുവൻ അംഗങ്ങളെയും അവരുടെ കഴിവുകൾ വികസിപ്പിക്കുവാൻ പ്രാപ്തരാക്കുന്ന സമൂഹമാണ് സ്വതന്ത്രസമൂഹം.

സമൂഹത്തിൽ ജീവിക്കുന്ന ഒരു വ്യക്തിയ്ക്കും ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണങ്ങളുടെയോ തടസങ്ങളുടെയോ പൂർണമായ അഭാവം അനുഭവിക്കാമെന്ന് പ്രതീക്ഷിക്കുവാൻ സാധ്യമല്ല. അപ്പോൾ നീതീകരിക്കാവുന്നതും അല്ലാത്തതും, സ്വീകരിക്കാവുന്നതും തള്ളിക്കളയേണ്ടതുമായ സാമൂഹ്യനിയന്ത്രണങ്ങളെ

### സ്വരാജ്

ഇന്ത്യൻ രാഷ്ട്രീയചിന്തയിൽ സ്വാതന്ത്ര്യം എന്ന ആശയത്തിന് സമാനമായ ഒരു സങ്കല്പമാണ് സ്വരാജ്. സ്വ (സ്വയം) രാജ് (ഭരണം) എന്ന രണ്ട് വാക്കുകളിൽ നിന്നുമാണ് സ്വരാജ് എന്ന ആശയം ഉരുത്തിരിഞ്ഞത്. സ്വയം ഭരണമെന്നും സ്വത്വത്തിന്റ മേലുള്ള ഭരണം എന്നുമാണിതിനർഥം. ഇന്ത്യൻസ്വാതന്ത്ര്യസമരപശ്ചാതലത്തിൽ സ്വാതന്ത്ര്യത്തെ ഒരു രാഷ്ട്രീയവും ഭരണഘടനാപരവുമായ ആവശ്യമായും സാമൂഹ്യ കൂട്ടായ്മ തലത്തിൽ അതിനെ ഒരു മൂല്യമായും കണക്കാക്കി. അതുകൊണ്ടാണ് ഇന്ത്യൻസ്വാതന്ത്ര്യസമരത്തിൽ സ്വരാജ് എന്ന ആശയത്തെ ഒരു പ്രധാന ആഹ്വാനമായിട്ട് തിലകൻ അദ്ദേഹത്തിന്റെ വാക്കുകളിലൂടെ' സ്വാതന്ത്ര്യം എന്റെ ജന്മാവകാശമാണ്. ഞാൻ അത് നേടിയെടുക്കും' എന്ന് ഊന്നിപ്പറഞ്ഞത്. ഹിന്ദുസ്വരാജ് എന്ന തന്റെ ഗ്രന്ഥത്തിൽ സ്വരാജിനെ 'അഹ'ത്തിൻ മേലുള്ള ഭരണമായിട്ടാണ് മഹാത്മാഗാന്ധി വിശേഷിപ്പിക്കുന്നത്. ഗാന്ധി പറയുന്നു; "നാം നമ്മെ ഭരിക്കുവാൻ പഠിക്കുമ്പോൾ അതാണ് സ്വരാജ്." സ്വരാജ്യം എന്നാൽ കേവല സ്വാതന്ത്ര്യം മാത്രമല്ല, ഒരു വ്യക്തിയുടെ ആത്മാഭിമാനത്തെയും സ്വന്തം ഉത്തരവാദിത്വത്തേയും സ്വയം സാക്ഷാത്കാരത്തെയും മനുഷ്യത്വരഹിതമായ സ്ഥാപനങ്ങളുടെ പിടിയിൽ നിന്നും മുക്തമാക്കികൊണ്ടുള്ള വിമോചനമാണത്. അതിന് സമുദായത്തോടും സമൂഹത്തോടുമുള്ള ബന്ധത്തെയും തിരിച്ചറിയുക എന്നത് സ്വാതന്ത്ര്യം നേടിയെടുക്കുന്നതിന് നിർണായകമാണ്.

നീതിബോധത്തിലധിഷ്ഠിതമായി വ്യക്തികളെയും അവരുടെ കൂട്ടായ കഴിവുകളെയും സ്വതന്ത്രമാക്കുന്നതായിരിക്കണം നാം പിന്തുടരുന്ന വികസനമെന്ന് ഗാന്ധിജി വിശ്വസിച്ചു. 1909 ൽ ഗാന്ധിജി ഹിന്ദ്സ്വരാജ് എഴുതിയ കാലഘട്ടത്തിലെപ്പോലെ 21-ാം നൂറ്റാണ്ടിലും ഇത്തരം ചിന്തകൾക്ക് പ്രാധാന്യമുണ്ടെന്ന് പറയേണ്ടതില്ലല്ലോ.

നിശ്ചയിക്കേണ്ടതായി വരുന്നു. ഏത് സാമൂഹ്യനിയന്ത്രണമാണ് ആവശ്യമായി വരുന്നത് എന്ന് മനസിലാക്കുവാൻ വ്യക്തിയും സമൂഹവും (ഗ്രൂപ്പ്, സമുദായം, രാഷ്ട്രം) തമ്മിലുള്ള ബന്ധം നാം പരിശോധിക്കേണ്ടതുണ്ട്. ഒരു വ്യക്തിക്ക് തെരഞ്ഞെടുക്കുവാനും തീരുമാനിക്കുവാനും പ്രവർത്തിക്കുവാനും അനുവാദം നൽകുന്നതും നിഷേധിക്കുന്നതും സമൂഹത്തിന്റെ ഏതൊക്കെ സവിശേഷതകളാണെന്ന് നാം അറിയേണ്ടതുണ്ട്. ഏതെല്ലാം സവിശേഷതകളാണ് അഭിലഷണീയവും, അല്ലാത്തതും, ഏതൊക്കെയാണ് നീക്കം ചെയ്യപ്പെടേണ്ടവ, നിലനിർത്തപ്പെടേണ്ടവ എന്ന് നാം തീരുമാനിക്കണം. ആവശ്യവും അനാവശ്യവുമായ നിയന്ത്രണങ്ങളെ വേർതിരിച്ചറിയുന്നതിന് നാം ഉപയോഗിക്കുന്ന തത്ത്വങ്ങൾ വ്യക്തികളും സംഘങ്ങളും രാഷ്ട്രങ്ങളും തമ്മിലുള്ള ബന്ധങ്ങളിലും ബാധകമാണ് എന്ന് നമ്മൾ അറിയേണ്ടതുണ്ട്.

നിയന്ത്രണത്തിന്റെ അഭാവം എന്ന അർഥത്തിലാണ് സ്വാതന്ത്ര്യത്തെ നാം ഇതുവരെ നിർവ്വചിച്ചത്. സ്വതന്ത്രമായി തെരെഞ്ഞെടുക്കുവാനുള്ള നമ്മുടെ കഴിവിനെ പരിമിതപ്പെടുത്തുന്ന സാമൂഹ്യനിയന്ത്രണങ്ങളെ ലഘൂകരിക്കുകയോ പരിമിതപ്പെടുത്തുകയോ ചെയ്യുക എന്നതാണ് സ്വതന്ത്രനായിരിക്കുക എന്നതുകൊണ്ട് നാം അർഥമാക്കുന്നത്. എന്നിരുന്നാലും ഇത് സ്വാതന്ത്ര്യത്തിന്റെ ഒരു വശം മാത്രമാണ്. മറ്റൊരുരീതിയിൽ പറഞ്ഞാൽ സ്വാതന്ത്ര്യത്തിന് ഒരു അനുകൂലാത്മക തലവുമുണ്ട്. ഒരു സമൂഹം സ്വതന്ത്രമാകണം എങ്കിൽ വ്യക്തികൾക്കും സംഘങ്ങൾക്കും സമുദായത്തിനും രാഷ്ട്രത്തിനും അവർ ആഗ്രഹിക്കുന്ന രീതിയിൽ അവരുടെ ഭാഗധേയം നിർണയിക്കുവാൻ കഴിയുന്ന തരത്തിൽ അതിന്റെ മേഖലകൾ വിശാലമാകണം. സ്വാതന്ത്ര്യം ഈ അർഥത്തിൽ കായികം, ശാസ്ത്രം, കല, സംഗീതം, പര്യവേഷണം തുടങ്ങിയ മേഖലകളിൽ വ്യക്തികളുടെ സർഗാത്മകതയെയും ഭാവുകത്വത്തെയും, കഴിവുകളെയും പൂർണാർത്ഥത്തിൽ പരിപോഷിപ്പിക്കുന്നു. ഏറ്റവും പരിമിതമായ നിയന്ത്രണങ്ങളിൽ നിന്നുകൊണ്ട് സ്വന്തം താൽപര്യങ്ങൾ സംരക്ഷിക്കുവാൻ ഓരോ വ്യക്തിയെയും പ്രാപ്തനാക്കുന്ന ഒരു സമൂഹമാണ് സ്വതന്ത്രസമൂഹം. സ്വാതന്ത്ര്യം മൂല്യവത്താണ്, കാരണം അത് തെരെഞ്ഞെടുക്കുവാനും നമ്മുടെ വിധി നിർണയിക്കുവാനും നമ്മെ അനുവദിക്കുന്നു. കൂടാതെ അത് വ്യക്തികളുടെ യുക്തിബോധത്തെയും വിലയിരുത്തലിനെയും വേണ്ടരീതിയിൽ വിനിയോഗിക്കുവാൻ അനുവദിക്കുന്നു.

> **നമുക്ക് ചർച്ച ചെയ്യാം**
>
> ആരെ വിവാഹം കഴിക്കണമെന്ന് തീരുമാനിക്കുന്ന കാര്യത്തിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പൂർണ്ണ സ്വാതന്ത്ര്യം ഉണ്ടായിരിക്കണം. ഇക്കാര്യത്തിൽ രക്ഷിതാക്കൾക്ക് യാതൊരു അഭിപ്രായവും ഉണ്ടാവരുത്

### നിയന്ത്രണങ്ങളുടെ ഉറവിടങ്ങൾ (The Sources of Constraints)

വ്യക്തികളുടെ സ്വാതന്ത്ര്യത്തിനുമേലുള്ള നിയന്ത്രണങ്ങൾ മേധാവിത്വത്തിൽ നിന്നോ ബാഹ്യനിയന്ത്രണങ്ങളിൽ നിന്നോ രൂപപ്പെട്ടേക്കാം. അത്തരം നിയന്ത്രണങ്ങൾ ബലപ്രയോഗത്തിലൂടെയോ അല്ലെങ്കിൽ നിയമപരമായ അധികാരങ്ങൾ ഉപയോഗിച്ച് ഗവൺമെന്റുകൾ ഉണ്ടാക്കുന്ന നിയമങ്ങൾ മുഖേനയോ നടപ്പിലാ

**സ്വാതന്ത്ര്യത്തെക്കുറിച്ച് -നേതാജി സുഭാഷ് ചന്ദ്രബോസ്**

നമുക്ക് ഒരു ആദർശവിപ്ലവം സൃഷ്ടിക്കണമെങ്കിൽ നമ്മുടെ ജീവിതത്തിൽ നാം പൂർണ്ണമായും സ്വാംശീകരിച്ചിട്ടുള്ള ഒരു ആദർശത്തെ നാം ഉയർത്തിപ്പിടിക്കണം. ആ ആദർശമാണ് സ്വാതന്ത്ര്യം. എന്നാൽ സ്വാതന്ത്ര്യം എന്ന വാക്കിന് വ്യത്യസ്ത വ്യാഖ്യാനങ്ങളുണ്ട്. നമ്മുടെ രാജ്യത്തുപോലും സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് വ്യത്യസ്തഘട്ടങ്ങളിലൂടെ പരിണമിച്ചുകൊണ്ടേയിരിക്കുന്നു. സ്വാതന്ത്ര്യം കൊണ്ട് ഞാനർഥമാക്കുന്നത് പരിപൂർണമായ സ്വതന്ത്ര്യമാണ്- വ്യക്തികൾക്കും സമൂഹത്തിനുമുള്ള സ്വാതന്ത്ര്യം, പണക്കാർക്കും പാവപ്പെട്ടവർക്കുമുള്ള സ്വാതന്ത്ര്യം, എല്ലാ വ്യക്തികൾക്കും എല്ലാ വിഭാഗങ്ങൾക്കുമുള്ള സ്വാതന്ത്ര്യം. ഈ സ്വാതന്ത്ര്യം രാഷ്ട്രീയാടിമത്വത്തിൽ നിന്നുള്ള വിമോചനം മാത്രമല്ല സമ്പത്തിന്റെ തുല്യമായ വിതരണവും, ജാതിവിലക്കുകളും സാമൂഹ്യാസമത്വങ്ങളും ഇല്ലാതാക്കൽ, വർഗീയതയെയും മതപരമായ അസഹിഷ്ണുതയെയും നിർമാർജനം ചെയ്യൽ എന്നിവ കൂടിയാണ്. കഠിനഹൃദയരായ സ്ത്രീപുരുഷൻമാർക്ക് ഈ ഒരാശയം ഉട്ടോപ്യനാണെന്ന് തോന്നാമെങ്കിലും ഇതിനു മാത്രമാണ് ആത്മാവിന്റെ ചോദനയെ ജ്വലിപ്പിക്കുവാൻ കഴിയുന്നത്.

*(1929- ഒക്ടോബർ 19 ന് ലാഹോറിൽ വെച്ചു നടന്ന വിദ്യാർഥി സമ്മേളനത്തിലെ അധ്യക്ഷ പ്രസംഗം)*

ക്കാവുന്നതാണ്. കൊളോണിയൽ ഭരണാധികാരികൾ അവർ കീഴടക്കിയ പ്രദേശങ്ങളിലെ ജനങ്ങൾക്കുമേൽ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ, ദക്ഷിണാഫ്രിക്കയിൽ നിലനിന്നിരുന്ന വർണവിവേചനം തുടങ്ങിയവ ഇത്തരം നിയന്ത്രണങ്ങൾക്ക് ഉദാഹരണങ്ങളായിരുന്നു. ഏതെങ്കിലും രീതിയിലുള്ള ഒരു ഗവൺമെന്റ് അനിവാര്യമാണ്. എന്നാൽ അതൊരു ജനാധിപത്യഗവൺമെന്റാവുകയാണെങ്കിൽ രാഷ്ട്രത്തിലെ ജനതയ്ക്ക് തങ്ങളുടെ ഭരണാധികാരികളുടെ മേൽ ചില നിയന്ത്രണങ്ങൾ നിലനിർത്തുവാൻ സാധിക്കും. അതുകൊണ്ട്, ജനങ്ങളുടെ സ്വാതന്ത്ര്യം സംരക്ഷിക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നത് ജനാധിപത്യഗവൺമെന്റാണെന്ന് കരുതപ്പെടുന്നു.

ജാതിവ്യവസ്ഥയിൽ അധിഷ്ഠിതമായിട്ടുള്ള സാമൂഹ്യ അസമത്വങ്ങൾ, ഒരു സമൂഹത്തിലെ കടുത്ത സാമ്പത്തിക അസമത്വം എന്നിവയുടെ ഫലമായി സ്വാതന്ത്ര്യത്തിനുള്ള നിയന്ത്രണങ്ങൾ ഉയർന്നുവരാം. സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള സുഭാഷ് ചന്ദ്രബോസിന്റെ ഉദ്ധരണികൾ അത്തരം നിയന്ത്രണങ്ങൾ ഇല്ലാതാക്കുന്നതിനു വേണ്ടി രാജ്യം പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നു.

### എന്തുകൊണ്ടാണ് നമുക്ക് നിയന്ത്രണങ്ങൾ ആവശ്യമായി വരുന്നത്? (WHY DO WE NEED CONSTRAINTS?)

നിയന്ത്രണങ്ങളില്ലാത്ത ഒരു ലോകത്ത് നമുക്ക് ജീവിക്കുക അസാധ്യമാണ്. നമുക്ക് ചില നിയന്ത്രണങ്ങൾ ആവശ്യമാണ്. കാരണം, നിയന്ത്രണങ്ങളില്ലെങ്കിൽ സമൂഹത്തിൽ കലഹങ്ങളുണ്ടാവും.ആശയഭിന്നതകളോ അഭിപ്രായവ്യത്യാസങ്ങളോ ജനങ്ങൾ തമ്മിൽ ഉടലെടുത്തേക്കാം, അവരുടെ ആഗ്രഹങ്ങൾ പരസ്പരം ഏറ്റുമുട്ടിയേക്കാം, ദുർലഭമായ വിഭവങ്ങൾ കൈവശപ്പെടുത്തുന്നതിന് അവർ പരസ്പരം മത്സരിച്ചേക്കാം, സമൂഹത്തിൽ വിയോജിപ്പുകൾ ഉടലെടുക്കുന്നതിന്

ഇത്തരത്തിൽ നിരവധി കാരണങ്ങളുണ്ട്. ചില വിയോജിപ്പുകൾ തുറന്ന സംഘട്ടനത്തിലേക്ക് വരെ നയിച്ചേക്കാം. വിവിധ കാരണങ്ങളുടെ പേരിൽ പരസ്പരം സംഘർഷത്തിലേക്ക് നീങ്ങുന്ന ആളുകളെ നമുക്കു ചുറ്റും കാണാം. സംഘർഷങ്ങൾക്കുള്ള കാരണം ചിലപ്പോൾ ഗൗരവമുള്ളതോ അല്ലെങ്കിൽ നിസ്സാരമോ ആകാം. റോഡിൽ വാഹനം ഓടിക്കുന്നതിന്റെ പേരിലോ, പാർക്കിംഗ് സ്ഥലത്തിന്റെ പേരിലോ, വീടിന്റെയോ സ്ഥലത്തിന്റെയോ പേരിലോ, ഒരു പ്രത്യേക സിനിമ പ്രദർശിപ്പിക്കുന്നതിന്റെ പേരിലോ അല്ലെങ്കിൽ മറ്റേതെങ്കിലും പ്രശ്നത്തിന്റെ പേരിലോ തർക്കങ്ങൾക്കും അതിക്രമങ്ങൾക്കും അതുവഴി ജീവൻ തന്നെ നഷ്ടപ്പെടുന്നതിലേക്കും വഴി വെച്ചേക്കാം. അതുകൊണ്ട് അക്രമങ്ങൾ നിയന്ത്രിക്കുന്നതിനും തർക്കങ്ങൾ പരിഹരിക്കുന്നതിനും ഓരോ സമൂഹത്തിനും ചില സംവിധാനങ്ങൾ ആവശ്യമാണ്. മറ്റുള്ളവരുടെ അഭിപ്രായങ്ങളെ അംഗീകരിക്കുകയും നമ്മുടെ അഭിപ്രായങ്ങളെ മറ്റുള്ളവരുടെ മേൽ അടിച്ചേൽപ്പിക്കുവാൻ ശ്രമിക്കാതിരിക്കുകയും ചെയ്താൽ നമുക്ക് സ്വതന്ത്രമായും കുറഞ്ഞ നിയന്ത്രണങ്ങളോടെയും ജീവിക്കുവാൻ സാധിക്കും. ആദർശപരമായി ഒരു സ്വതന്ത്രസമൂഹത്തിൽ നമുക്ക് നമ്മുടെ അഭിപ്രായങ്ങൾ ഉയർത്തിപ്പിടിക്കുവാനും നമ്മുടെ ജീവിതരീതികൾ വികസിപ്പിക്കുവാനും നമ്മുടെ താൽപര്യങ്ങൾക്കനുസരിച്ച് തെരഞ്ഞെടുക്കുവാനും കഴിയണം.

എന്നാൽ അത്തരമൊരു സമൂഹത്തിന്റെ സൃഷ്ടിക്കും ചില നിയന്ത്രണങ്ങൾ വേണം. ഏറ്റവും ചുരുങ്ങിയത് നാം വ്യത്യസ്തവീക്ഷണങ്ങളെയും അഭിപ്രായങ്ങളെയും വിശ്വാസങ്ങളെയും ബഹുമാനിക്കുവാൻ തയാറാവണം. എന്നിരുന്നാലും ചിലപ്പോൾ നമ്മുടെ വിശ്വാസങ്ങളോട് ശക്തമായ പ്രതിബദ്ധത വെച്ചുപുലർത്തുവാൻ നമ്മുടേതിൽ നിന്ന് വ്യത്യസ്തമായതോ വിരുദ്ധമായതോ ആയ വീക്ഷണങ്ങളെ എതിർക്കേണ്ടതാണെന്ന് നാം കരുതുന്നു. അവരുടെ വീക്ഷണ

### ഉദാരവാദം(liberalism)

ഒരാളുടെ രക്ഷിതാക്കൾ വളരെ ഉദാരമനസ്കരാണെന്ന് നാം പറയുമ്പോൾ അതുകൊണ്ടർഥമാക്കുന്നത് അവർ വളരെ സഹിഷ്ണതുയുള്ളവരാണെന്നാണ്. ഒരു രാഷ്ട്രീയപ്രത്യയശാസ്ത്രം എന്ന നിലയിൽ ഉദാരവാദം സഹിഷ്ണുതയെ ഉന്നതമൂല്യമായി കാണുന്നു. ഒരാളുടെ അഭിപ്രായങ്ങളോടും വിശ്വാസങ്ങളോടും വിയോജിക്കുമ്പോൾ പോലും അത് പ്രകടിപ്പിക്കാനുള്ള അവരുടെ അവകാശത്തെ ഉദാരവാദികൾ സംരക്ഷിക്കുന്നു. സഹിഷ്ണുതയെ പിന്തുണക്കുന്ന ഏക ആധുനിക പ്രത്യയശാസ്ത്രമല്ല ഉദാരവാദം.

ആധുനിക ഉദാരവാദത്തെ വ്യതിരിക്തമാക്കുന്നത് അത് വ്യക്തിസ്വാതന്ത്ര്യത്തിനു നൽകുന്ന പ്രാമുഖ്യമാണ്. ഉദാരവാദികളെ സംബന്ധിച്ചിടത്തോളം കുടുംബം, സമൂഹം, സമുദായം എന്നിവക്ക് തനതായ മൂല്യങ്ങൾ ഒന്നും തന്നെയില്ല. നേരെമറിച്ച് അവയുടെ മൂല്യം അളക്കുന്നത് വ്യക്തികളിലൂടെയാണ്; ഉദാഹരണത്തിന് ഉദാരവാദികളുടെ അഭിപ്രായത്തിൽ ആരെ വിവാഹം കഴിക്കണമെന്നുള്ള തീരുമാനമെടുക്കുവാനുള്ള അധികാരം വ്യക്തികൾക്കായിരിക്കണം അല്ലാതെ കുടുംബം, ജാതി, സമുദായം എന്നിവയ്ക്കാകരുത്. സമത്വം എന്ന മൂല്യത്തിനേക്കാൾ ഉദാരവാദികൾ പ്രധാന്യം നൽകുന്നത് വ്യക്തിസ്വാതന്ത്ര്യത്തിനാണ്. ഉദാരവാദികൾ രാഷ്ട്രീയാധികാരത്തെ സംശയദൃഷ്ടിയോടെയാണ് കാണുന്നത്.

ചരിത്രപരമായി ഉദാരവാദം സ്വതന്ത്രകമ്പോളത്തെയും രാഷ്ട്രത്തിന്റെ ചുരുങ്ങിയ പ്രവർത്തനത്തെയുമാണ് അനുകൂലിക്കുന്നത്. എങ്കിലും ഇന്നത്തെ ഉദാരവാദം രാഷ്ട്രത്തിന്റെ ക്ഷേമരാഷ്ട്രസങ്കൽപ്പത്തെ വകവെച്ചുകൊടുക്കുകയും സാമൂഹ്യ സാമ്പത്തിക അസമത്വങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികളെടുക്കേണ്ടതിന്റെ ആവശ്യകതയെ അംഗീകരിക്കുകയും ചെയ്യുന്നു.

ങ്ങളെയും ജീവിതരീതികളെയും അസ്വീകാര്യമോ, അനഭിലഷണീയമോ ആയി നാം കാണുന്നു. അത്തരമൊരു സാഹചര്യത്തിൽ ചില നിയമപരമോ രാഷ്ട്രീയ മോ ആയ നിയന്ത്രണങ്ങൾ നമുക്ക് ആവശ്യമാണ്. ഒരു വിഭാഗത്തിന്റെ വീക്ഷണ ങ്ങളെ മറ്റൊരു വിഭാഗത്തിന് മേൽ നിർബന്ധപൂർവം അടിച്ചേൽപ്പിക്കാതെ ചർച്ച യിലൂടെയോ, സംവാദങ്ങളിലൂടെയോ പരിഹരിക്കുന്നതിന് ഈ നിയന്ത്രണങ്ങൾ അനിവാര്യമാണ്. ചിലപ്പോൾ നമ്മെ ഭീഷണിപ്പെടുത്തിയോ പീഡിപ്പിച്ചോ അവരു ടെ താൽപര്യങ്ങൾ നമ്മളിൽ അടിച്ചേൽപ്പിക്കുവാൻ ശ്രമം നടന്നേക്കാം. അത്തര മൊരു സാഹചര്യത്തിൽ നമ്മുടെ സ്വാതന്ത്ര്യം സംരക്ഷിക്കുന്നതിന് ശക്തമായ നിയമത്തിന്റെ പിന്തുണ നമുക്ക് ആവശ്യമാണ്.

സ്വാതന്ത്ര്യത്തിൻമേലുള്ള നിയന്ത്രണങ്ങളിൽ ആവശ്യമായതും നീതീ കരിക്കാവുന്നതും അല്ലാത്തതുമായത് ഏതെന്ന് കണ്ടെത്തുകയാണ് പ്രധാന പ്രശ്നം. ഒരു വ്യക്തി എന്ത് ചെയ്യണമെന്നും എന്ത് ചെയ്യരുതെന്നും നിശ്ചയിക്കു വാൻ ആ വ്യക്തിക്ക് ഉപരിയായുള്ള അധികാരകേന്ദ്രം ഏതാണ്? ബാഹ്യമായ എല്ലാ നിയന്ത്രണങ്ങളിൽ നിന്നും മുക്തമായ ഏതെങ്കിലും മേഖലകൾ നമ്മുടെ ജീവിതത്തിലും പ്രവൃത്തിയിലും ഉണ്ടോ?

## 2.4 ഹാനിതത്വം (Harm Principle)

സ്വാതന്ത്ര്യത്തിന്റെ പരിമിതികൾ, മത്സരക്ഷമത, നിയന്ത്രണം ചുമത്തുമ്പോഴുണ്ടാ കുന്ന പ്രത്യാഘാതങ്ങൾ തുടങ്ങിയ പ്രശ്നങ്ങളെ നാം അഭിമുഖീകരി ക്കുമ്പോൾ മാത്രമെ മുകളിൽ സൂചിപ്പിച്ച ചോദ്യങ്ങൾക്ക് തൃപ്തികര മായി ഉത്തരം നൽകുവാൻ നമുക്ക് സാധിക്കുകയുള്ളൂ. സ്വാതന്ത്ര്യ ത്തെപ്പറ്റി ('On Liberty') എന്ന പ്രബന്ധത്തിൽ ജെ.എസ്. മിൽ ഇതുമാ യി ബന്ധപ്പെട്ടു നടത്തിയ നിരീക്ഷണങ്ങളും നാം പരിശോധിക്കേണ്ട തുണ്ട്. രാഷ്ട്രീയസിദ്ധാന്തത്തിന്റെ ചർച്ചയിൽ ഹാനിതത്വം ('Harm Prin- ciple') എന്നാണ് ഈ നിരീക്ഷണങ്ങൾ അറിയപ്പെടുന്നത്. അദ്ദേഹത്തി ന്റെ താഴെക്കൊടുത്തിരിക്കുന്ന പ്രസ്താവനകൾ പരിശോധിച്ചതിനു ശേ ഷം അതിന്റെ വിശദീകരണത്തിലേക്ക് കടക്കാം.



അയാൾ എന്തുകൊണ്ട് 'മനുഷ്യകുലത്തെ' കുറിച്ച് സംസാരിക്കുന്നു? അപ്പോൾ സ്ത്രീകളോ?

*"മാനവരാശി ഒറ്റയ്ക്കോ, കൂട്ടായോ, മറ്റൊരു വ്യക്തിയുടെ പ്രവർത്തനസ്വാതന്ത്ര്യത്തിൽ ഇടപെടുന്നുണ്ടെങ്കിൽ അതിന്റെ ഒരേയൊ രു ലക്ഷ്യം ആത്മരക്ഷയായിരിക്കണം. ഒരു പരിഷ്കൃതസമൂഹത്തിലെ ഏതെങ്കിലുമൊരംഗത്തിനുമേൽ അയാളുടെ ഇച്ഛയ്ക്കെതിരായി അധികാരം പ്രയോ ഗിക്കുന്നെങ്കിൽ അതിന്റെ ലക്ഷ്യം മറ്റുള്ളവർക്കു ഹാനി (ബുദ്ധിമുട്ട്/നാശം) ഉണ്ടാക്കുന്നത് തടയുന്നതിനായിരിക്കണം."*

സ്വസംബന്ധിയായ പ്രവൃത്തികളും (Self regarding actions) അപരസം ബന്ധിയായ പ്രവൃത്തികളും (Other regarding action) തമ്മിലുള്ള വ്യത്യാസം ജെ.എസ്. മിൽ ഇവിടെ ഉദ്ധരിക്കുന്നു. ഒരാളുടെ പ്രവർത്തിയുടെ പ്രത്യാഘാത ങ്ങൾ മറ്റുള്ളവരെ ബാധിക്കാതെ അയാളെ മാത്രം ബാധിക്കുന്നതാണെങ്കിൽ അ ത്തരം പ്രവൃത്തികളാണ് സ്വസംബന്ധിയായ പ്രവൃത്തികൾ. എന്നാൽ ഒരാളുടെ പ്രവൃത്തികളുടെ പ്രത്യാഘാതങ്ങൾ മറ്റുള്ളവരെ ബാധിക്കുന്നുണ്ടെങ്കിൽ അത്ത

രം പ്രവൃത്തികളാണ് അപരസംബന്ധിയായ പ്രവൃത്തികൾ. ഒരു വ്യക്തിയുടെ സ്വത്വത്തിനെയോ സ്വസംബന്ധിയായ പ്രവർത്തനങ്ങളെയോ ബാധിക്കുന്ന കാര്യങ്ങളിൽ ഇടപെടുവാൻ രാഷ്ട്രത്തിനോ മറ്റേതെങ്കിലും ബാഹ്യശക്തികൾക്കോ അധികാരമില്ലെന്ന് മിൽ വാദിക്കുന്നു. അല്ലെങ്കിൽ ലളിതമായ ഭാഷയിൽ പറഞ്ഞാൽ 'അതെന്റെ കാര്യമാണ്, എനിക്ക് ഇഷ്ടമുള്ളതുപോലെ ഞാനിതുചെയ്യും.' 'ഇത് നിന്നെ ബാധിക്കുന്നില്ലെങ്കിൽ പിന്നെ അതിനെകുറിച്ച് ആശങ്കപ്പെടുന്നതെന്തിന്'. നേരെമറിച്ച്, മറ്റുള്ളവർക്ക് പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്ന പ്രവൃത്തിയോ ഹാനികരമാവുന്ന പ്രവൃത്തിയോ ആണ് നാം ചെയ്യുന്നതെങ്കിൽ ബാഹ്യശക്തികളുടെ ഇടപെടലിന് അത് അവസരമൊരുക്കുന്നു. ചുരുക്കത്തിൽ മറ്റുള്ളവരുടെ പ്രവൃത്തിമൂലം നമുക്ക് ഹാനി ഉണ്ടാവുകയാണെങ്കിൽ തീർച്ചയായും ഒരു ബാഹ്യശക്തി അത്തരം പ്രവൃത്തിയിൽ നിന്ന് നമ്മെ സംരക്ഷിച്ചിരിക്കണം. മറ്റുള്ളവർക്ക് ഹാനികരമാകുന്ന തരത്തിലുള്ള ഒരു വ്യക്തിയുടെ പ്രവർത്തനത്തെ തടയേണ്ടത് രാഷ്ട്രമാണ്.

എന്നിരുന്നാലും അന്തസുള്ള ഒരു മനുഷ്യജീവിതത്തിന് അവശ്യം വേണ്ടതും മനുഷ്യസമൂഹത്തിന്റെ അടിസ്ഥാനവുമായ സ്വാതന്ത്ര്യത്തിന് പ്രത്യേക സാഹചര്യങ്ങളിൽ മാത്രമേ നിയന്ത്രണം ഏർപ്പെടുത്താവൂ. ഒരാളുടെ പ്രവൃത്തി മൂലമുണ്ടാകുന്ന ഹാനി ഗുരുതരമാണെങ്കിൽ നിയന്ത്രണം ഏർപ്പെടുത്തണം. എന്നാൽ ഹാനി നിസ്സാരമാണെങ്കിൽ നിയമപരമായ ഇടപെടൽ ആവശ്യമില്ലെന്നും അതിന് സാമൂഹ്യമായ നിരാകരണം മതിയെന്നുമാണ് മിൽ നിർദേശിക്കുന്നത്. ഉദാഹരണമായി, ഒരു അപ്പാർട്ട്മെന്റിൽ ഉച്ചത്തിലൊരാൾ പാട്ടുവെച്ചാൽ പോലീസിനെ അറിയിക്കേണ്ട ആവശ്യമില്ല പകരം അപ്പാർട്ട്മെന്റിലെ മറ്റു താമസക്കാർ അതിനെതിരെ പ്രതികരിച്ചാൽ മതി. ഉച്ചത്തിൽ പാട്ടു വെച്ചതുമൂലം അവർക്കുണ്ടായ അസൗകര്യങ്ങളെപ്പറ്റി അവർക്ക് പ്രതികരിക്കാം. തങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളെ പരിഗണിച്ചു കൊണ്ട് ഉച്ചത്തിൽ പാട്ടു വെക്കുന്ന വ്യക്തിയെ അവർക്ക് അവഗണിക്കാം. ഉച്ചത്തിൽ പാട്ടുവെക്കുന്നതുമൂലം അപ്പാർട്ടുമെന്റിലെ മറ്റുള്ളവർക്ക് സംസാരിക്കുന്നതിനും, ഉറങ്ങുന്നതിനും, സ്വന്തമായി പാട്ടു കേൾക്കുന്നതിനുമാണ് തടസമുണ്ടാക്കുക. ഇത് ചെറിയ ഉപദ്രവങ്ങളാണ്, നിയമപരമായ ശിക്ഷ അതിനാവശ്യമില്ല. സാമൂഹ്യമായ അവഗണനകൾ മാത്രം മതി. എന്നാൽ ഒരു വ്യക്തിയുടെ അപര സംബന്ധിയായ പ്രവൃത്തിയുടെ ഫലം ഒരു നിശ്ചിതവിഭാഗം വ്യക്തികൾക്ക് ഗുരുതരമായ ദോഷം വരുത്തുകയാണെങ്കിൽ നിയമപരമായ നിയന്ത്രണങ്ങൾ ആവാം. അല്ലാത്തപക്ഷം സ്വാതന്ത്ര്യസംരക്ഷണത്തിനു വേണ്ടി ഈ അസൗകര്യങ്ങൾ സമൂഹം സഹിക്കണം.

മറ്റുള്ളവർക്ക് ദോഷകരമല്ലാത്തിടത്തോളം ജനങ്ങൾ വ്യത്യസ്ത ജീവിതരീതികളോടും വ്യത്യസ്ത വീക്ഷണങ്ങളോടും വ്യത്യസ്ത താൽപര്യങ്ങളോടും സഹിഷ്ണുത കാണിക്കുവാൻ തയ്യാറാവണം. എന്നാൽ, ജനങ്ങളെ അപകടത്തിലാക്കുന്ന. അവർക്കിടയിൽ വെറുപ്പു വളർത്തുന്ന വീക്ഷണങ്ങളോടും പ്രവൃത്തികളോടും സഹിഷ്ണുത പുലർത്തേണ്ട കാര്യമില്ല. വെറുപ്പുണ്ടാക്കുന്ന പ്രചാരണങ്ങൾ മറ്റുള്ളവരുടെ സ്വാതന്ത്ര്യത്തിന് ഹാനികരമാകുന്നു. മറ്റുള്ളവരുടെ സ്വാതന്ത്ര്യത്തിന് ഹാനികരമാകുന്ന പ്രചാരണങ്ങളെ വെറുക്കുകയും അത്തരം



### നമുക്ക് ചിന്തിക്കാം

വസ്ത്രധാരണരീതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ
ഏത് വസ്ത്രം ധരിക്കണം എന്ന് തീരുമാനിക്കുന്നത് ഒരാളുടെ സ്വാതന്ത്ര്യത്തിന്റെ പ്രകടനമാണെങ്കിൽ വസ്ത്രധാരണത്തിന് നിയന്ത്രണമേർപ്പെടുത്തുന്ന താഴെക്കൊടുത്ത സാഹചര്യങ്ങളെ നമ്മൾ എങ്ങനെയാണ് നോക്കിക്കാണേണ്ടത്?

- സമത്വത്തിന്റെ ആവിഷ്കാരം എന്ന വാദത്തിന്റെ അടിസ്ഥാനത്തിൽ ചൈനയിൽ, മാവോയുടെ ഭരണകാലത്ത് എല്ലാവരും മാവോ സ്യൂട്ടുകൾ ധരിക്കേണ്ടതുണ്ടായിരുന്നു.
- സ്ത്രീകൾക്ക് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള വസ്ത്രധാരണരീതിയിൽ നിന്ന് വ്യത്യസ്തമാണ് എന്ന കാരണത്താൽ, സാനിയാ മിർസയുടെ വസ്ത്രധാരണരീതിക്കെതിരായി ഒരു മതപുരോഹിതൻ ഫത്വ പുറപ്പെടുവിക്കുകയുണ്ടായി.
- ടെസ്റ്റ് ക്രിക്കറ്റ് മൽസരത്തിലെ നിയമം എല്ലാ കളിക്കാരും വെള്ള വസ്ത്രം ധരിക്കണമെന്ന് നിഷ്കർഷിക്കുന്നു.
- വിദ്യാർത്ഥികൾ സ്കൂൾ യൂണിഫോം ധരിക്കേണ്ടതുണ്ട്.

**ചില ചോദ്യങ്ങൾ നമുക്ക് ചർച്ചചെയ്യാം.**

- വസ്ത്രധാരണത്തിൽ നിയന്ത്രണങ്ങളേർപ്പെടുത്തുന്നത് എല്ലായ്പ്പോഴും നീതീകരിക്കപ്പെടുന്നുണ്ടോ? അതോ ചില അവസരങ്ങളിൽ മാത്രമോ? എപ്പോഴാണത് സ്വാതന്ത്ര്യത്തെ പരിമിതപ്പെടുത്തുന്നത്.
- ആർക്കാണ് ഇത്തരം നിയന്ത്രണങ്ങൾ അടിച്ചേൽപ്പിക്കുവാനുള്ള അധികാരം? വസ്ത്രധാരണരീതിയിൽ ഉത്തരവ് പുറപ്പെടുവിക്കുവാൻ മതനേതാക്കൾക്ക് അധികാരം നൽകേണ്ടതുണ്ടോ? ഒരാൾ എന്തു ധരിക്കണമെന്ന് രാഷ്ട്രത്തിനു തീരുമാനിക്കുവാൻ സാധിക്കുമോ? ക്രിക്കറ്റ് കളിക്കുമ്പോൾ കളിക്കാർ എന്ത് വസ്ത്രം ധരിക്കണമെന്നതിനുള്ള നിയമം ഉണ്ടാക്കുവാൻ അന്താരാഷ്ട്രക്രിക്കറ്റ്സമിതിക്ക് അധികാരമുണ്ടോ?
- ഈ അടിച്ചേൽപ്പിക്കൽ അമിതമാണോ? സ്വയം ആവിഷ്കരിക്കുന്നതിനുള്ള വ്യക്തികളുടെ വ്യത്യസ്തരീതികളെ അത് പരിമിതപ്പെടുത്തുന്നുണ്ടോ?
- ഈ അടിച്ചേൽപ്പിക്കലുകൾ സ്വീകരിക്കപ്പെടുന്നതിന്റെ അനന്തരഫലങ്ങൾ എന്തൊക്കെയാണ്? മാവോയുടെ ചൈനയിലെ പോലെ എല്ലാവരും ഒരേ വസ്ത്രം ധരിച്ചാൽ സമൂഹത്തിൽ സമത്വമുണ്ടാകുമോ? കായികമൽസരങ്ങളിൽ ഫലപ്രദമായി മത്സരിക്കുവാൻ കഴിയുന്ന തരത്തിലുള്ള വസ്ത്രങ്ങൾ ധരിക്കുവാൻ കഴിയാത്തതിനാൽ, മൽസരങ്ങളിൽ പങ്കെടുക്കുന്നതിനുള്ള അവസരം സ്ത്രീകൾക്ക് നിഷേധിക്കപ്പെടുന്നുണ്ടോ?

പ്രവൃത്തികളുടെ മേൽ നിയന്ത്രണങ്ങൾ ചുമത്തപ്പെടുകയും ചെയ്യണം. നമ്മൾ ഏർപ്പെടുത്തുന്ന നിയന്ത്രണങ്ങൾ സ്വാതന്ത്ര്യത്തെത്തന്നെ നശിപ്പിക്കുന്ന തരത്തിലേക്ക് പോകുന്നില്ല എന്ന് നാം ഉറപ്പുവരുത്തണം. ഉദാഹരണമായി, ഒരാൾ വിദ്വേഷമുണ്ടാക്കുന്ന തരത്തിൽ പ്രചാരണം നടത്തിയാൽ അതിന്റെ പേരിൽ അയാളെ ജീവപര്യന്തം തടവിന് ശിക്ഷിക്കണമെന്ന് ആവശ്യപ്പെടാൻ പാടില്ല. എന്നാൽ ഇത്തരം പ്രവർത്തനങ്ങളിൽ നിന്ന് മാറി നിൽക്കണമെന്ന ഭരണകൂടത്തിന്റെ താക്കീത് അവഗണിച്ചുകൊണ്ട് അയാൾ പ്രവർത്തനം തുടരുകയാണെങ്കിൽ അയാളുടെ സഞ്ചാരസ്വാതന്ത്ര്യം നിയന്ത്രിക്കുകയോ, പൊതുയോഗങ്ങൾ ചേരാനുള്ള അയാളുടെ അവകാശത്തിൽ അൽപം നിയന്ത്രണം വരുത്തുകയോ ചെയ്യാം.

ഇത്തരം നീതീകരിക്കുവാൻ പറ്റുന്ന നിയന്ത്രണങ്ങൾക്ക് "യുക്തിപരമായ നിയന്ത്രണങ്ങൾ" എന്നാണ് ഭരണഘടനയുമായി ബന്ധപ്പെട്ട ചർച്ചയിൽ ഉപയോഗി

ക്കുന്ന പദം. നിയന്ത്രണങ്ങളാവാം, പക്ഷേ, അവ നിർബന്ധമായും യുക്തി സഹമായിരിക്കണം. അതായത് അതിനെ യുക്തികൊണ്ട് പ്രതിരോധിക്കുവാൻ കഴിയുന്ന വിധത്തിലാവണം. എന്നാൽ അത് സമൂഹത്തിലെ സ്വാതന്ത്ര്യത്തിന്റെ പൊതു സ്വഭാവത്തെ ബാധിക്കുന്ന രീതിയിൽ അമിതമാകാനോ നിയന്ത്രിക്കേണ്ടുന്ന പ്രവർത്തനത്തിനു അനുപാതരഹിതമാകാനോ പാടില്ല. സ്വാതന്ത്ര്യത്തിനുമേൽ നിയന്ത്രണങ്ങൾ അടിച്ചേൽപ്പിക്കുന്നത് ഒരു ശീലമാക്കി മാറ്ററുത്. അങ്ങനെ മാറ്റിയാൽ അത് സ്വാതന്ത്ര്യത്തിനുതന്നെ ഹാനികരമാവും.

## 2.5 നിഷേധാത്മകസ്വാതന്ത്ര്യവും ക്രിയാത്മകസ്വാതന്ത്ര്യവും (NEGATIVE AND POSITIVE LIBERTY)

ഈ അധ്യായത്തിന്റെ ആദ്യഭാഗത്ത് സ്വാതന്ത്ര്യത്തിന്റെ രണ്ടു തലങ്ങളെക്കുറിച്ച് പ്രതിപാദിച്ചിരുന്നല്ലോ. ബാഹ്യനിയന്ത്രണങ്ങളുടെ അഭാവത്തിലുള്ള സ്വാതന്ത്ര്യവും, വ്യക്തിത്വവികസനത്തിനുള്ള അവസരങ്ങൾ വ്യാപിപ്പിക്കുന്നതിനുള്ള സ്വാതന്ത്ര്യവും. രാഷ്ട്രീയസിദ്ധാന്തത്തിൽ സ്വാതന്ത്ര്യത്തിന്റെ ഈ തലങ്ങളെ നിഷേധാത്മകസ്വാതന്ത്ര്യം എന്നും ക്രിയാത്മകസ്വാതന്ത്ര്യമെന്നുമാണ് പറയുന്നത്. ഒരു വ്യക്തിക്ക് ഇഷ്ടമുള്ളതെന്തും ചെയ്യാനും എന്തും ആയിത്തീരുവാനുമുള്ള അലംഘനീയമായ ഒരു മേഖലയെ നിർവചിക്കുവാനും പ്രതിരോധിക്കുവാനുമാണ് നിഷേധാത്മകസ്വാതന്ത്ര്യം ശ്രമിക്കുന്നത്. ബാഹ്യമായ ഇടപെടലുകളില്ലാത്ത ഈ മേഖല ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം പവിത്രമാണ്. ഈ മേഖലയിൽ ഒരു വ്യക്തി ചെയ്യുന്ന പ്രവർത്തനത്തെ തടസപ്പെടുത്തുവാൻ പാടില്ല. ഇത്തരം ഒരു മേഖല നിലനിൽക്കുക എന്നത് മനുഷ്യപ്രകൃതത്തെയും അന്തസിനെയും അംഗീകരിക്കാൻ ആവശ്യമാണ്. ഈ മേഖല അയാൾക്ക് ഇടപെടലുകളില്ലാതെ പ്രവർത്തിക്കുവാൻ കഴിയുന്ന മേഖലയായിരിക്കും. ഈ മേഖലയുടെ വലിപ്പം കൂടുന്തോറും സ്വാതന്ത്ര്യവും കൂടുന്നു. ഈ കാര്യം വളരെക്കാലമായി ചർച്ചചെയ്യപ്പെടുന്നതാണ്. ആ ചർച്ചകൾ ഇനിയും തുടരുകതന്നെ ചെയ്യും.

നിഷേധാത്മകസ്വാതന്ത്ര്യത്തിന്റെ വക്താക്കൾ വാദിക്കുന്നത് അലംഘനീയവും ഇടപെടലുകളുമില്ലാത്ത ഒരു മേഖല ഓരോ വ്യക്തിക്കും ആവശ്യമാണെന്നാണ്. ഈ മേഖല വളരെ ചുരുങ്ങിയതാണെങ്കിൽ മനുഷ്യന്റെ അന്തസ്സ് അതുമായി പൊരുത്തപ്പെടേണ്ടി വരും. നമുക്ക് ഇവിടെ ഒരു ചോദ്യം ഉന്നയിക്കാനുണ്ട്. സ്കൂൾ, കളിക്കളം, ഓഫീസ് എന്നിവിടങ്ങളിൽ ഉപയോഗിക്കേണ്ട വസ്ത്രത്തിന്റെ തെരെഞ്ഞെടുപ്പിനെക്കുറിച്ചാണ് ഈ ചോദ്യം. ഇത് ഒരു ചുരുങ്ങിയ മേഖലയുമായി ബന്ധപ്പെട്ടതായതിനാൽ ഇതിൽ ബാഹ്യശക്തികൾക്ക് ഇടപെടാൻ പാടില്ലെന്നാണോ? അതല്ലെങ്കിൽ രാഷ്ട്രം, മതാധികാരികൾ, ഐ.സി.സി. (ICC) അല്ലെങ്കിൽ സി.ബി.എസ്.ഇ (CBSE) തുടങ്ങിയവയ്ക്ക് ഇടപെടാൻ പറ്റുമോ? ഏതുമേഖലയിലാണ് ഞാൻ യജമാനനായിരിക്കുക എന്ന ചോദ്യത്തിനുള്ള വിശദീകരണമായിട്ടാണ് നിഷേധാത്മകസ്വാതന്ത്ര്യത്തിന്റെ വാദങ്ങൾ ഉയരുന്നത്. ഇത് എന്തിൽ നിന്നുള്ള സ്വാതന്ത്ര്യം എന്ന ആശയത്തിന്റെ വിശദീകരണവുമായി ബന്ധപ്പെട്ടിരിക്കുന്നു.

ഇതിന് വിപരീതമായി, ക്രിയാത്മകസ്വാതന്ത്ര്യം കൂടുതൽ ശ്രദ്ധകൊടുക്കുന്നത് "എന്തിനുവേണ്ടിയുള്ള സ്വാതന്ത്ര്യം" എന്ന ആശയം വിശദീകരിക്കുന്നതിനാണ്. ക്രിയാത്മകസ്വാതന്ത്ര്യത്തിന്റെ വക്താക്കൾ 'എന്നെ ആരാണ് ഭരിക്കുന്നത്?' എന്ന ചോദ്യത്തിനുള്ള ഉത്തരമാണ് നൽകുന്നത്. അതിനുള്ള ആദർശപരമായ ഉത്തരം 'ഞാൻ തന്നെയാണ് എന്നെ ഭരിക്കുന്നത്' എന്നതാണ്. ക്രിയാത്മകസ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ചർച്ചകൾക്ക് നീണ്ട പാരമ്പര്യമുണ്ട്. അത് റൂസോ, ഹെഗൽ, മാർക്സ്, ഗാന്ധി, അരവിന്ദഘോഷ് എന്നിവരിലേക്കും അവരിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട ചിന്തകരിലേക്കും നീളുന്നു. വ്യക്തിയും സമൂഹവും തമ്മിലുള്ള ബന്ധത്തിന്റെ അവസ്ഥയും സ്വഭാവവും, അതിലൂടെ മനുഷ്യന്റെ വ്യക്തിവികാസത്തിൻ മേലുള്ള തടസങ്ങൾ കുറച്ചു കൊണ്ടുവന്ന് ഈ ബന്ധം മെച്ചപ്പെടുത്തുന്നതിനുള്ള സാഹചര്യവും സംബന്ധിച്ചാണ് ക്രിയാത്മകസ്വാതന്ത്ര്യത്തിന്റെ വക്താക്കൾ ചിന്തിക്കുന്നത്. വ്യക്തി ഒരു വിടരുന്ന പുഷ്പം പോലെയാണ്. ഫലഭൂയിഷ്ഠമായ മണ്ണും മതിയായ സൂര്യപ്രകാശവും ആവശ്യമായ വെള്ളവും കൃത്യമായ പരിചരണവും ഉണ്ടെങ്കിൽ മാത്രമെ ആ പുഷ്പം വിടരുകയുള്ളൂ.

ഒരു വ്യക്തിക്ക് തന്റെ കഴിവുകൾ വികസിപ്പിക്കണമെങ്കിൽ ഭൗതികവും രാഷ്ട്രീയവും സാമൂഹ്യവുമായ അനുകൂലസാഹചര്യങ്ങൾ ആവശ്യമാണ്. അതായത് ദാരിദ്ര്യത്തിൽ നിന്നും തൊഴിലില്ലായ്മയിൽ നിന്നും ആ വ്യക്തി മുക്തമായിരിക്കണം. ആ വ്യക്തിയുടെ ആവശ്യങ്ങളും ആഗ്രഹങ്ങളും നിറവേറ്റുന്നതിന് വേണ്ടി ഭൗതികവിഭവശേഷി ഉണ്ടായിരിക്കണം. ആ വ്യക്തിയ്ക്ക് തീരുമാനമെടുക്കുന്ന പ്രക്രിയയിൽ പങ്കെടുക്കുവാൻ അവസരമുണ്ടായിരിക്കണം. എങ്കിൽ മാത്രമെ നിർമിക്കപ്പെടുന്ന നിയമങ്ങളിൽ അയാളുടെ താൽപര്യങ്ങളും ഇച്ഛകളും പ്രതിഫലിക്കുകയുള്ളൂ. ഏറ്റവും ചുരുങ്ങിയത് അവരുടെ ഇംഗിതങ്ങൾ പരിഗണിക്കപ്പെടുകയെങ്കിലും വേണം. സർവോപരി, ഒരുവ്യക്തിയുടെ ബുദ്ധിപരവും മാനസികവുമായ വികാസത്തിന് ഒരു വ്യക്തിക്ക് വിദ്യാഭ്യാസ സൗകര്യങ്ങളും അതിനോടനുബന്ധിച്ച് അവസരങ്ങളും ലഭിക്കേണ്ടതാണ്. എങ്കിൽ മാത്രമെ അയാൾക്ക് മെച്ചപ്പെട്ട ഒരു ജീവിതം നയിക്കുവാൻ പറ്റുകയുള്ളൂ.



നമ്മുടെ പരിസ്ഥിതിയെ നശിപ്പിക്കുവാൻ നമുക്ക് സ്വാതന്ത്ര്യമുണ്ടോ?

സമൂഹത്തിനകത്തുമാത്രമെ ഒരു വ്യക്തിക്ക് സ്വതന്ത്രനായിരിക്കുവാൻ കഴിയൂ എന്ന് ക്രിയാത്മകസ്വാതന്ത്ര്യം തിരിച്ചറിയുന്നു. അതുകൊണ്ട് വ്യക്തിയുടെ വികാസത്തിന് പറ്റിയ രൂപത്തിൽ ആ സമൂഹത്തെ മാറ്റിയെടുക്കണം. എന്നാൽ നിഷേധാത്മകസ്വാതന്ത്ര്യം പരിഗണിക്കുന്നത് യാതൊരു ഇടപെടലുമില്ലാത്ത അലംഘനീയമായ ഒരു മേഖല രൂപപ്പെടുത്തുന്നതിനായാണ് ആ മേഖലയ്ക്ക് പുറത്തുള്ള സമൂഹത്തിന്റെ അവസ്ഥകളെ അത് പരിഗണിക്കുന്നില്ല. സമൂഹത്തിന്റെ സ്ഥിതി പരിഗണിച്ചുകൊണ്ട് സാധ്യമാകുന്ന രീതിയിൽ ഈ മേഖല വികസിപ്പിക്കുവാനാണ് നിഷേധാത്മകസ്വാതന്ത്ര്യം ആഗ്രഹിക്കുന്നത്. നിഷേധാത്മകസ്വാതന്ത്ര്യവും ക്രിയാത്മകസ്വാതന്ത്ര്യവും ഒത്തുപോവുകയും പരസ്പരം

പിന്തുണയ്ക്കുകയും ചെയ്യുന്നു. എന്നാൽ സ്വേച്ഛാധിപതികളായ ഭരണാധികാരികൾ തങ്ങളുടെ ഭരണത്തെ ന്യായീകരിക്കുവാൻ ക്രിയാത്മകസ്വാതന്ത്ര്യത്തിന്റെ വാദങ്ങളെ ഉപയോഗപ്പെടുത്താറുണ്ട്.

## ആവിഷ്കാരസ്വാതന്ത്ര്യം (Freedom of Expression )

ഏറ്റവും കുറഞ്ഞ ഇടപെടലുകൾക്ക് വിധേയമാകേണ്ട ഒരു മേഖലയാണ് ആവിഷ്കാരസ്വാതന്ത്ര്യം. ആവിഷ്കാരസ്വാതന്ത്ര്യം നിയന്ത്രിക്കപ്പെടരുത് എന്നതിന് ജെ.എസ്. മിൽ തക്കതായ കാരണങ്ങൾ നിരത്തുന്നുണ്ട്. ഇത് നല്ല ചർച്ചയ്ക്കുള്ള വിഷയമാണ്.

പുസ്തകങ്ങൾ, നാടകങ്ങൾ, സിനിമകൾ, അക്കാദമികമായ ഗവേഷണ പ്രബന്ധങ്ങളിൽ വരുന്ന ലേഖനങ്ങൾ എന്നിവ നിരോധിക്കണമെന്ന് പലപ്പോഴായി ആവശ്യങ്ങൾ ഉയർന്നുവരാറുണ്ട്. പുസ്തകം നിരോധിക്കണമെന്ന ആവശ്യത്തെ ഇതുവരെ നടത്തിയ ചർച്ചയുടെ വെളിച്ചത്തിൽ നമുക്ക് പരിശോധിക്കാം. തെരെഞ്ഞെടുക്കലുകളാണ് സ്വാതന്ത്ര്യം എന്ന് നാം കണ്ടു. ഇവിടെയാണ് നിഷേധാത്മകസ്വാതന്ത്ര്യവും ക്രിയാത്മകസ്വാതന്ത്ര്യവും തമ്മിൽ വേർതിരിവുകളുണ്ടാകുന്നത്. നീതീകരിക്കത്തക്ക നിയന്ത്രണങ്ങൾ ഇവിടെ ആവശ്യമായി വരും. ശരിയായ നടപടിക്രമങ്ങളിലൂടെയും പ്രധാനപ്പെട്ട ധാർമികവാദങ്ങളിലൂടെയുമാണ് ഇത്തരം നിയന്ത്രണങ്ങൾ കൊണ്ടുവരേണ്ടത്. ആവിഷ്ക്കാര സ്വാതന്ത്ര്യം ഒരു മൗലികമൂല്യമാണ്. അതുകൊണ്ടുതന്നെ അതിനെ നിയന്ത്രിക്കുവാൻ ശ്രമിക്കുന്നവരിൽ നിന്ന് അതിനെ സംരക്ഷിക്കുവാൻ ചില അസൗകര്യങ്ങൾ സഹിക്കുവാൻ സമൂഹം തയാറാകണം. വോൾട്ടയറുടെ പ്രസ്താവന ഓർക്കുക "നിങ്ങൾ പറയുന്നതിനോട് ഞാൻ വിയോജിക്കുന്നു. എന്നാൽ അതുപറയുവാനുള്ള നിങ്ങളുടെ അവകാശത്തിനായി ഞാൻ മരണം വരെ പോരാടും." ആവിഷ്കാര സ്വാതന്ത്ര്യത്തിനു വേണ്ടി നാം വളരെ പ്രതിജ്ഞാബദ്ധരാണ്.

കുറച്ചുവർഷങ്ങൾക്കുമുമ്പ് സിനിമാനിർമ്മാതാവായ ദീപ മേത്ത വാരണാസിയിലെ വിധവകളെക്കുറിച്ച് ഒരു സിനിമയെടുക്കുവാൻ തീരുമാനിച്ചു. വിധവകളുടെ അവസ്ഥ പുറത്തുകൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ നിർമിക്കുവാൻ ഉദ്ദേശിച്ച ആ സിനിമക്കെതിരെ ഒരു വിഭാഗം ആളുകളുടെ രൂക്ഷമായ എതിർപ്പ് ഉണ്ടായി. ഇന്ത്യയെ മോശമായി ചിത്രീകരിക്കുന്നതാണ് ഈ സിനിമയെന്നും. അത് വിദേശപ്രേക്ഷകർക്കു വേണ്ടി നിർമിക്കുന്നതാണെന്നും അവർ കരുതി. കൂടാതെ, പ്രാചീനപട്ടണമായ വാരണാസിക്ക് അത് ഒരു ചീത്തപ്പേരുണ്ടാക്കുമെന്നും അവർക്ക് തോന്നി. ആയതിനാൽ വാരണാസിയിൽ വെച്ച് സിനിമ നിർമിക്കുവാൻ അവർ അനുവദിച്ചില്ല.പിന്നീട് ആ സിനിമ മറ്റെവിടെയോ വെച്ച് നിർമിക്കപ്പെട്ടു. അതുപോലെ ഓബ്രെ മേനോൻ എഴുതിയ 'രാമായണ റീ ടോൾഡ്' (Ramayana Retold) എന്ന പുസ്തകവും സൽമാൻ റുഷ്ദിയുടെ 'സാത്താന്റെ വചനങ്ങൾ' (The Satanic Verses) എന്ന നോവലും സമൂഹത്തിലെ ചില ആളുകളുടെ ശക്തമായ എതിർപ്പുമൂലം നിരോധിക്കപ്പെട്ടു. 'ക്രിസ്തുവിന്റെ അന്ത്യപ്രലോഭനം' (The Last Temptation of Christ) എന്ന സിനിമയും 'ഞാൻ നാഥുറാം സംസാരിക്കുന്നു' (Mee Nathuram Boltey) എന്ന നാടകവും പ്രതിഷേധം കാരണം നിരോധിക്കേണ്ടിവന്നു.

നിരോധനം കുറഞ്ഞ കാലത്തേക്കുള്ള ഒരു പരിഹാരമാർഗമാണ്. അത് താൽക്കാലികമായി പ്രശ്നത്തിനു പരിഹാരമാകുമെങ്കിലും ദീർഘകാലത്തിൽ സമൂഹത്തിന്റെ സ്വാതന്ത്ര്യത്തിന് ഹാനികരമാണ്. കാരണം, ഒരിക്കൽ നിരോധനം തുടങ്ങിയാൽ നിരോധനം പിന്നെ ശീലമായി മാറും. ഇതു കൊണ്ടർഥമാക്കുന്നത് നിരോധനം ഒരിക്കലും വേണ്ടെന്നാണോ? ഒരു സിനിമ പൂർണ്ണമായും നിരോധിക്കാതെ സിനിമയുടെ ഒരുഭാഗം മാത്രം നിരോധിക്കുന്നതും നിരോധനം തന്നെയല്ലേ? അതുകൊണ്ട് എല്ലായ്പ്പോഴും ചർച്ച ചെയ്യപ്പെടുന്ന ചോദ്യം ഇതാണ്. എപ്പോൾ നിരോധിക്കാം? എപ്പോൾ നിരോധനം പാടില്ല? നിരോധനം ഒരിക്കലും പാടില്ലേ? നിങ്ങളുടെ അറിവിനുവേണ്ടി ഇംഗ്ലണ്ട് കൊട്ടാരത്തിലെ ഒരു കാര്യം പറയട്ടെ. ഇംഗ്ലണ്ടിലെ കൊട്ടാരത്തിൽ ജോലിക്ക് പ്രവേശിക്കുമ്പോൾ എല്ലാവരും ഒരു കരാറിൽ ഏർപ്പെടേണ്ടതുണ്ട്. അതായത്, രാജകൊട്ടാരത്തിൽ നടക്കുന്ന കാര്യങ്ങളെക്കുറിച്ച് എഴുതുന്നതിൽ നിന്നും അവർക്ക് വിലക്കുണ്ടായിരുന്നു. അത്തരം ജോലിക്കാരൻ കൊട്ടാരത്തിലെ ജോലി ഉപേക്ഷിച്ചു പോകുമ്പോൾ കൊട്ടാരം രഹസ്യങ്ങളെപ്പറ്റി എന്തെങ്കിലും എഴുതുവാനോ, അഭിമുഖം നടത്തുവാനോ അവിടുത്തെ കാര്യങ്ങളെപ്പറ്റി പുസ്തകം രചിക്കുവാനോ പാടില്ല. ഇത് ആവിഷ്കാരസ്വാതന്ത്ര്യത്തിനെതിരെയുള്ള നീതീകരിക്കാൻ പറ്റാത്ത നിയന്ത്രണമല്ലേ?

### ആവിഷ്കാരസ്വാതന്ത്ര്യം

19-ാം നൂറ്റാണ്ടിലെ ഒരു രാഷ്ട്രീയ ചിന്തകനും പ്രവർത്തകനുമായിരുന്നു ബ്രിട്ടണിലെ ജോൺ സ്റ്റുവർട്ട് മിൽ. ആവിഷ്ക്കാര സ്വതന്ത്ര്യത്തിന്റെ (ചിന്താസ്വാതന്ത്ര്യവും ചർച്ചാ സ്വതന്ത്ര്യവും ഉൾപ്പെടെ) ശക്തനായ വക്താവായിരുന്നു അദ്ദേഹം. 'സ്വാതന്ത്ര്യത്തെപ്പറ്റി' (On Liberty) എന്ന അദ്ദേഹത്തിന്റ കൃതിയിൽ, ചിലരുടെ ആശയങ്ങൾ വിവാദപരമോ, തെറ്റോ, വഴിതെറ്റിക്കുന്നതോ ആണെങ്കിൽ പോലും അവർക്ക് ആവിഷ്കാര സ്വാതന്ത്ര്യം ഉണ്ടാവേണ്ടതിന്റെ 4 കാരണങ്ങൾ അദ്ദേഹം പറയുന്നു. ഒന്നാമതായി ഒരാശയവും പൂർണമായി തെറ്റല്ല. നമുക്ക് തെറ്റെന്ന് തോന്നുന്നതിലും സത്യത്തിന്റെ ഒരംശമുണ്ടാവും. ഒരു തെറ്റായ ആശയത്തെ നാം നിരോധിച്ചാൽ അതിൽ അടങ്ങിയിരിക്കുന്ന സത്യത്തിന്റെ അംശം നമുക്ക് നഷ്ടപ്പെടും.

രണ്ടാമതായി സത്യം സ്വമേധയാ ഉയർന്നു വരില്ല. വിരുദ്ധ ആശയങ്ങളുടെ സംഘട്ടനങ്ങളിലൂടെയാണ് സത്യം ഉയർന്നുവരുന്നത്. ഇന്ന് നമുക്ക് തെറ്റാണെന്ന് തോന്നുന്ന ആശയങ്ങൾ യഥാർത്ഥത്തിൽ നാം ശരിയെന്ന് കരുതുന്ന ആശയങ്ങളുടെ ആവിർഭാവത്തിന് കാരണമായേക്കാം.

മൂന്നാമതായി ഈ ആശയങ്ങൾ തമ്മിലുള്ള സംഘട്ടനങ്ങൾ മൂല്യവത്താകുന്നത് കഴിഞ്ഞ കാലഘട്ടത്തിൽ മാത്രമല്ല നേരെമറിച്ച് എക്കാലത്തും അത് മൂല്യവത്തായി നിലനിൽക്കും. മൂല്യമില്ലാത്ത ചിന്തകളിലേക്ക് നമ്മൾ തരംതാഴുന്നതിൽ നിന്നും സത്യം നമ്മെ തടയും. വിരുദ്ധമായ ഒരു ആശയത്തോട് തുലനം ചെയ്തു കൊണ്ടു മാത്രമെ ഒരു ആശയം വിശ്വസനീയമാണെന്ന് നമുക്ക് ഉറപ്പു വരുത്തുവാൻ സാധിക്കൂ.

അവസാനമായി നാം സത്യമെന്ന് കരുതുന്നത് യഥാർത്ഥ സത്യമാണോ എന്ന് നമുക്ക് ഉറപ്പില്ല. പലപ്പോഴും ഒരു സമൂഹം ഒന്നടങ്കം തെറ്റാണെന്ന് കരുതി അടിച്ചമർത്തിയ ആശയങ്ങൾ ശരിയാണെന്ന് പിന്നീട് തെളിയിക്കപ്പെട്ടിട്ടുണ്ട്. ഇന്ന് സ്വീകരിക്കുവാൻ പറ്റാത്തതായി കരുതി ഒരു സമൂഹം പൂർണ്ണമായും അടിച്ചമർത്തുന്ന പല ആശയങ്ങളും യഥാർത്ഥത്തിൽ അമൂല്യമായ വിജ്ഞാനത്തിന്റെ സ്രോതസ്സുകളാണ് നമുക്ക് നഷ്ടപ്പെടുത്തുന്നത്.

വിവിധ തരത്തിലുള്ള നിയന്ത്രണങ്ങൾ നിലനിൽക്കുകയും വ്യത്യസ്ത സാഹചര്യങ്ങളിൽ നാം അതിന് വിധേയരാവുകയും ചെയ്യുന്നു. സാമൂഹ്യവും, മതപരവും, സാംസ്കാരികവുമായ സംഘടിതാധികാരികളിൽ നിന്നോ രാഷ്ട്രത്തിന്റെ ശക്തിയുടെയോ പിൻബലത്തിലാണ് ഇത്തരം നിയന്ത്രണങ്ങൾ വരുന്നതെങ്കിൽ അത് നമ്മുടെ സ്വാതന്ത്ര്യത്തെ തടയുക തന്നെ ചെയ്യും. അതിനെതിരെ പോരാടുക പ്രയാസമായിരിക്കും. എന്നാൽ നമ്മുടെ ലക്ഷ്യങ്ങളും അഭിലാഷങ്ങളും പൂർത്തീകരിക്കുന്നതിനുവേണ്ടി സ്വമേധയാ ചില നിയന്ത്രണങ്ങൾ സ്വീകരിക്കുകയാണെങ്കിൽ നമ്മുടെ സ്വാതന്ത്ര്യത്തെ അത് അത്ര പരിമിതപ്പെടുത്തുന്നില്ല. ഏത് സാഹചര്യത്തിലായാലും ചില വ്യവസ്ഥകളെ സ്വീകരിക്കുവാൻ നമ്മെ നിർബന്ധിക്കുന്നില്ല എങ്കിൽ നമ്മുടെ സ്വാതന്ത്ര്യം പരിമിതപ്പെട്ടതായി അവകാശപ്പെടാൻ നമുക്ക് കഴിയില്ല.

ബാഹ്യമായ നിയന്ത്രണങ്ങളുടെ അഭാവമാണ് സ്വാതന്ത്ര്യം എന്ന് പറഞ്ഞുകൊണ്ടാണ് നാം തുടങ്ങിയത്. തിരഞ്ഞെടുക്കുവാനുള്ള നമ്മുടെ കഴിവും ശേഷിയും സ്വാതന്ത്ര്യത്തിൽ ഉൾക്കൊള്ളുന്നുണ്ടെന്ന് ഇപ്പോൾ നാം തിരിച്ചറിഞ്ഞു. നമ്മൾ തിരഞ്ഞെടുക്കുമ്പോൾ നമ്മുടെ പ്രവർത്തനത്തിലുള്ള ഉത്തരവാദിത്വവും അതിന്റെ പ്രത്യാഘാതവും നാം സ്വീകരിക്കുവാൻ തയ്യാറാവണം. കുട്ടികൾ രക്ഷിതാക്കളുടെ ശ്രദ്ധയിലും പരിഗണനയിലുമാണ് വേണ്ടതെന്ന് സ്വാതന്ത്ര്യത്തിന്റെ വക്താക്കൾ ഭൂരിഭാഗവും വാദിക്കുന്നത് ഇക്കാരണത്താലാണ്. ശരിയായ രീതിയിൽ തെരെഞ്ഞെടുപ്പുകൾ നടത്തുവാനുള്ള ലഭ്യമായ അവസരങ്ങളെ യുക്തിപൂർവം വിലയിരുത്തുവാനും നമ്മുടെ പ്രവർത്തനങ്ങളുടെ ഉത്തരവാദിത്വം ഏറ്റെടുക്കുവാനുമുള്ള നമ്മുടെ പ്രാപ്തി എന്നിവ വിദ്യാഭ്യാസത്തിലൂടെയും ന്യായവിചാരങ്ങളിലൂടെയും നാം ആർജിക്കേണ്ടതുണ്ട്. രാഷ്ട്രത്തിന്റെയും സമൂഹത്തിന്റെയും അധികാരത്തെ പരിമിതപ്പെടുത്തിക്കൊണ്ട് മേൽപ്പറഞ്ഞ കഴിവുകൾ പരിപോഷിപ്പിക്കപ്പെടേണ്ടതുണ്ട്.

# അഭ്യാസം

അഭ്യാസം

1. സ്വാതന്ത്ര്യം കൊണ്ട് അർഥമാക്കുന്നതെന്താണ്? വ്യക്തികളുടെ സ്വാതന്ത്ര്യവും രാഷ്ട്രത്തിന്റെ സ്വാതന്ത്ര്യവും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ?
2. നിഷേധാത്മകസ്വാതന്ത്ര്യവും ക്രിയാത്മകസ്വാതന്ത്ര്യവും തമ്മിലുള്ള വ്യത്യാസമെന്ത്?
3. സാമൂഹ്യനിയന്ത്രണങ്ങൾകൊണ്ടർഥമാക്കുന്നത് എന്താണ്? സ്വാതന്ത്ര്യം അനുഭവിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണങ്ങൾ ആവശ്യമുണ്ടോ?
4. പൗരൻമാരുടെ സ്വാതന്ത്ര്യം സംരക്ഷിക്കുന്നതിൽ രാഷ്ട്രത്തിന്റെ പങ്കെന്താണ്?
5. ആവിഷ്കാരസ്വാതന്ത്ര്യം കൊണ്ടർഥമാക്കുന്നത് എന്താണ്? സ്വാതന്ത്ര്യത്തിനുമേലുള്ള ന്യായമായ നിയന്ത്രണങ്ങളെക്കുറിച്ചുള്ള നിങ്ങളുടെ വീക്ഷണങ്ങൾ എന്താണ്? ഉദാഹരണങ്ങൾ നൽകുക.